**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത 6019 — 19-11-2019 ലെ മറുപടിക്ക്

## സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ സഹക രണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ എല്ലാം പി.എസ്.സി. വഴിയാണോ നടത്തുന്നത്; വിശദ മാക്കമോ; | (എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചുവടെ പറയുന്ന അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴിയാണ് നടത്തുന്നത്.<br>കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കൺസ്യൂമർ ഫെഡറേഷൻ, ഹൗസിംഗ് ഫെഡറേഷൻ,പട്ടികജാതി/ പട്ടികവർഗ്ഗ വിക സന ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ .<br>സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് 19.8.2019 തീയതിയിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.<br>മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള താഴെ പറയുന്ന അപ്പെക്സ് സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി വഴി നടത്തി വരുന്നു.<br>കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം( ഹാന്റെക്സ്), സംസ്ഥാന സഹകരണ ക്ഷീരവിപണന ഫെഡറേഷൻ (മിൽമ), കേരള സംസ്ഥാന കരകൗശല കേന്ദ്ര സഹകരണ സംഘം(സുരഭി), മത്സ്യഫെഡ് എന്നിവ.<br>കയർഫെഡിലെ നിയമനങ്ങൾ പി.എസ്.സി വഴി നടത്തുന്നതിനുള്ള സബ്റൂളിന് 8.11.2017 ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇനി എത്ര സഹകരണ അപ്പെക്സ് സ്ഥാപനങ്ങളാണ് അവരുടെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കേണ്ടത്; അവ ഏതൊക്കെ; ഇപ്രകാരം നിയമനം നടത്താൻ പ്രസ്തുത സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സഹകരണ വകുപ്പിന്റെ കീഴിലെ വനിതാഫെഡ്. ടൂർഫെഡ്. ഹോസ്പിറ്റൽ ഫെഡ് എന്നീ സ്ഥാപനങ്ങൾ സാമ്പത്തികമായി പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടിട്ടില്ല. |
| (സി) | സ്പെഷ്യൽ റൂൾ തയ്യാറാക്കാതെ നിയമനം പി.എസ്.സി.ക്ക് വിടാതെ പഴയരീതി തുടരുന്നതും നിയമനം പി.എസ്.സി.ക്ക് വിട്ടശേഷം ഒഴിവു കൾ റിപ്പോർട്ട് ചെയ്യാത്തതുമായ സഹകരണ അപ്പെക്സ്സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | (സി) | ഇപ്രകാരമുള്ള സ്ഥാപനങ്ങൾ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ